പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 304

# 2026-ലെ കേരള നിയമ സർവ്വകലാശാല ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 304

# 2026-ലെ കേരള നിയമ സർവ്വകലാശാല ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

241/2026.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 304

# 2026-ലെ കേരള നിയമ സർവ്വകലാശാല ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് നിയമ വൈജ്ഞാനിക മേഖലയിൽ അറിവിന്റെ വ്യാപനം ഉദ്ദേശിച്ചും ആ രംഗത്ത് പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ചിട്ടയായ ബോധനവും അദ്ധ്യാപനവും പരിശീലനവും ഉറപ്പാക്കുന്നതിനായും പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ നിയമത്തോടുള്ള പൗരന്റെ താല്പര്യം വർദ്ധിപ്പിക്കുന്നതിനുമായി നിയമപഠനവും ഗവേഷണവും നടത്തുന്നതിന് മാത്രമായി ഒരു സർവ്വകലാശാല രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് നിയമ വൈജ്ഞാനിക മേഖലയിൽ അറിവിന്റെ വ്യാപനം ഉദ്ദേശിച്ചും ആ രംഗത്ത് പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ചിട്ടയായ ബോധനവും അദ്ധ്യാപനവും പരിശീലനവും ഉറപ്പാക്കുന്നതിനും പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ നിയമ കാര്യങ്ങളിലുള്ള പൗരന്റെ താല്പര്യം വർദ്ധിപ്പിക്കുന്നതിനുമായി നിയമ പഠനവും ഗവേഷണവും നടത്തുന്നതിന് മാത്രമായി ഒരു സർവ്വകലാശാല രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തി ഏഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ആക്റ്റിന് 2026-ലെ കേരള നിയമ സർവ്വകലാശാല ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അക്കാദമിക് കൗൺസിൽ" എന്നാൽ 25-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ എന്നർത്ഥമാകുന്നു;

(ബി) "അഫിലിയേറ്റ് ചെയ്ത കോളേജ്" എന്നാൽ സർവ്വകലാശാലയുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം അഫിലിയേറ്റ് ചെയ്തതും നിയമ വിഷയങ്ങളിൽ പഠന, ഗവേഷണ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതുമായ ഉന്നതവിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നു;

(സി) "സ്വയംഭരണാധികാര കോളേജ്" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സ്വയംഭരണാധികാരം ഉള്ളതെന്ന് പ്രഖ്യാപിക്കപ്പെട്ട ഒരു വിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നു;

(ഡി) "എക്സിക്യൂട്ടീവ് കൗൺസിൽ" എന്നാൽ ഈ ആക്റ്റിലെ 21-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ എന്നർത്ഥമാകുന്നു;

(ഇ) "ഫാക്കൽറ്റി" എന്നാൽ സർവ്വകലാശാലയിലെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു;

(എഫ്) "സർവ്വകലാശാല" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സർവ്വകലാശാല എന്നർത്ഥമാകുന്നു;

(ജി) "വകുപ്പ്" എന്നാൽ സർവ്വകലാശാല നടത്തുന്ന പഠന കോഴ്സിന്റെ വകുപ്പ് എന്നർത്ഥമാകുന്നു;

(എച്ച്) "സ്റ്റാറ്റ്യൂട്ട്" എന്നാൽ ഈ ആക്റ്റിലെ 35-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് എന്നർത്ഥമാകുന്നു;

(ഐ) "ഓർഡിനൻസ്" എന്നാൽ ഈ ആക്റ്റിലെ 36-ാം വകുപ്പ് പ്രകാരം സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ പുറപ്പെടുവിച്ച ഓർഡിനൻസ് എന്നർത്ഥമാകുന്നു;

(ജെ) "റെഗുലേഷൻ" എന്നാൽ ഈ ആക്റ്റിലെ 37-ാം വകുപ്പ് പ്രകാരം സർവ്വകലാശാലയുടെ അധികാരസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച റെഗുലേഷൻ എന്നർത്ഥമാകുന്നു;

(കെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്റ്റാറ്റ്യൂട്ടുകളാലോ, ഓർഡിനൻസുകളാലോ, റെഗുലേഷനുകളാലോ ചട്ടങ്ങളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) "ജനറൽ കൗൺസിൽ" എന്നാൽ ഈ ആക്റ്റിലെ 18-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ജനറൽ കൗൺസിൽ എന്നർത്ഥമാകുന്നു;

(എം) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എൻ) "അദ്ധ്യാപകൻ" എന്നാൽ പഠിതാക്കൾക്ക് ബോധനം നൽകുന്നതിനോ ഗവേഷണ പഠന മേഖലയിൽ നയിക്കുന്നതിനോ സർവ്വകലാശാല നിയമിച്ചതോ അംഗീകരിച്ചതോ ആയ വ്യക്തി എന്നർത്ഥമാകുന്നതും സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിൽ അദ്ധ്യാപകൻ എന്ന് പ്രസ്താവിച്ചിട്ടുള്ളയാളും ഉൾപ്പെടുന്നതുമാകുന്നു;

(ഒ) "വിദ്യാർത്ഥി" എന്നാൽ സർവ്വകലാശാലയുടെ ഏതെങ്കിലും പഠനശാഖകളിൽ പഠനം നടത്തുന്നതിനായി രജിസ്റ്റർ ചെയ്തയാൾ എന്നർത്ഥമാകുന്നു;

(പി) "ചാൻസലർ" എന്നാൽ ഈ ആക്റ്റിലെ 8-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സർവ്വകലാശാലയുടെ ചാൻസലർ എന്നർത്ഥമാകുന്നു;

(ക്യൂ) "വൈസ്-ചാൻസലർ" എന്നാൽ ഈ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു;

(ആർ) "രജിസ്ട്രാർ" എന്നാൽ ഈ ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സർവ്വകലാശാലയുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു;

(എസ്) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ടി) "ഗസറ്റ്" എന്നാൽ സർക്കാരിന്റെ ഔദ്യോഗിക ഗസറ്റ് എന്നർത്ഥമാകുന്നു;

(യു) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

3. <u>നിയമ സർവ്വകലാശാല സ്ഥാപനം.</u>—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ കേരള സംസ്ഥാനത്ത് " കേരള നിയമ സർവ്വകലാശാല" എന്നപേരിൽ സർവ്വകലാശാല സ്ഥാപിക്കേണ്ടതും അതിൽ ചാൻസലർ, വൈസ്-ചാൻസലർ, ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ, അക്കാദമിക് കൗൺസിൽ, രജിസ്ട്രാർ എന്നീ നികായങ്ങൾ ഉൾപ്പെടുന്നതുമായിരിക്കുന്നതാണ്.

(2) സർവ്വകലാശാല ഒരു കോർപ്പറേറ്റ് ബോഡിയായിരിക്കുന്നതാണ്.

(3) സർവ്വകലാശാലയുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളിലും നിയമനടപടികളിലും സർവ്വകലാശാലയ്ക്ക് വേണ്ടിയോ അതിന് എതിരായോ ഉള്ള എല്ലാ വാദങ്ങളിലും രജിസ്ട്രാറോ അദ്ദേഹം ഇതിലേയ്ക്കായി പ്രത്യേകം നിയോഗിച്ച ഏതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പ് വയ്ക്കേണ്ടതും സത്യബോധപ്പെടുത്തേണ്ടതും അങ്ങനെയുള്ള എല്ലാ വ്യവഹാരങ്ങളിലെയും നടപടികളിലേയും പ്രോസസ്സുകൾ രജിസ്ട്രാർക്ക് നൽകേണ്ടതും നടത്തേണ്ടതുമാണ്.

(4) സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—(1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിക്കുന്ന കേരള നിയമ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ദേശീയ വികസനത്തിൽ പങ്കാളികളാകുന്നതിന് നിയമ മേഖലയിലുള്ള അറിവും പഠനവും വ്യാപിപ്പിക്കുകയും ഗവേഷണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ii) നിയമ മേഖലയിൽ പ്രവർത്തിക്കുന്നതിന് താല്പര്യപ്പെടുന്നവരെ അഭിഭാഷകവൃത്തിയുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ നൈപുണ്യം നേടുന്നതിനും അവരെ സാമൂഹ്യ സേവനത്തിന് ഉപയുക്തരാക്കുന്നതിനും നടപടി സ്വീകരിക്കുക;

(iii) നിയമരംഗത്തെ പ്രവർത്തകർ, തൊഴിൽപരമായ വിദ്യാഭ്യാസം, നിയമ പരിഷ്കരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകുക;

(iv) അഭിഭാഷകർ, ജുഡീഷ്യൽ ഓഫീസർമാർ, നിയമ പഠന സ്ഥാപനങ്ങളിലെ അദ്ധ്യാപകർ എന്നിവർക്കായി റിഫ്രഷർ കോഴ്സുകൾ, പരിശീലനം എന്നിവ നടത്തുക;

(v) നിയമ മേഖലയിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും പ്രഭാഷണങ്ങൾ, സെമിനാറുകൾ, കോൺഫറൻസുകൾ തുടങ്ങിയവ സംഘടിപ്പിക്കുക;

(vi) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വികരിക്കുക.

(2) ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റെഗുലർ കോളേജ്, സ്വയംഭരണ സ്ഥാപനം, ബിരുദാനന്തര പഠന-ഗവേഷണ വകുപ്പുകൾ

ഉൾപ്പെടെ സംസ്ഥാനത്തെ മറ്റേതൊരു സർവ്വകലാശാലയുടെയും സവിശേഷ അവകാശങ്ങൾക്ക് യോഗ്യത നേടിയതോ അഫിലിയേറ്റ് ചെയ്തിട്ടുള്ളതോ ആയ ഏതൊരു നിയമ പഠന-ഗവേഷണ സ്ഥാപനവും ഈ ആക്റ്റ് പ്രകാരം രൂപീകരിച്ച നിയമ സർവ്വകലാശാലയുടെ സവിശേഷ അവകാശങ്ങൾ ലഭിച്ചിട്ടുള്ളതോ അഫിലിയേറ്റ് ചെയ്തിട്ടുള്ളതോ ആയി കരുതേണ്ടതാണ്.

(3) സർവ്വകലാശാല ജാതി, മത, വർഗ്ഗ, വർണ്ണ, ലിംഗ വ്യത്യാസം ഇല്ലാതെ സമൂഹത്തിലെ എല്ലാവർക്കുമായി തുറക്കപ്പെട്ടതും ഏതെങ്കിലും വിശ്വാസത്തിന്റെ പേരിലോ തൊഴിലിന്റെ പേരിലോ യാതൊരു വ്യവസ്ഥയും ഏതെങ്കിലും അദ്ധ്യാപകനോ വിദ്യാർത്ഥിക്കോ സർവ്വകലാശാലയിലെ ഔദ്യോഗികസ്ഥാനം വഹിക്കുന്നതിനോ പഠനം നടത്തുന്നതിനോ ബിരുദം നേടുന്നതിനോ അർഹതപ്പെട്ട ഏതെങ്കിലും അവകാശം ലഭിക്കുന്നതിനോ തടസ്സമാകുന്നില്ല.

5. <u>സർവ്വകലാശാലയുടെ പ്രവർത്തന മേഖല.</u>—(1) സർവ്വകലാശാലയുടെ പ്രവർത്തനം കേരളം മുഴുവൻ വ്യാപിച്ചിരിക്കുന്നതാണ്.

(2) സർവ്വകലാശാലയ്ക്ക് അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുന്നതിന് അതിന്റെ കീഴിലുള്ള ഏതെങ്കിലും പഠന വകുപ്പിന്റെ നേതൃത്വത്തിൽ ഗവേഷണ പദ്ധതികളോ അക്കാദമിക പദ്ധതികളോ ഏറ്റെടുക്കാവുന്നതും ആവശ്യമാകുന്ന പഠന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതുമാണ്.

(3) 2-ാം ഉപവകുപ്പ് പ്രകാരമുള്ള പഠന കേന്ദ്രങ്ങൾ, ഗവേഷണ/അക്കാദമിക പദ്ധതികൾ സർവ്വകലാശാല അധികാരസ്ഥാനങ്ങളുടെയും സർവ്വകലാശാല ഉദ്യോഗസ്ഥരുടെയും നേരിട്ടുള്ള അധികാരങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കുന്നതും അവ സർവ്വകലാശാലയുടെ ഭാഗമായിരിക്കുന്നതുമാണ്.

6. <u>സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും.</u>—നിയമ സർവ്വകലാശാലയ്ക്ക് ഇനിപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുന്നതിന് സർവ്വകലാശാലയുടെയും അതിന്റെ പഠന-ഗവേഷണ കേന്ദ്രങ്ങളുടെയും ഭരണവും നടത്തിപ്പും;

(ii) സർവ്വകലാശാല, അതിന് യുക്തമെന്ന് കരുതുന്നതും നിയമ മേഖലയുമായി ബന്ധപ്പെട്ടതുമായ എല്ലാ പഠന-ഗവേഷണ സൗകര്യങ്ങളും ലഭ്യമാക്കുക;

(iii) സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്ത പഠിതാക്കൾക്ക് പരീക്ഷകൾ നടത്തുകയും ബിരുദം/ഡിപ്ലോമ/സർട്ടിഫിക്കറ്റ് എന്നിവ അതത് സംഗതിപോലെ നൽകുകയും ചെയ്യുക;

(iv) റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട പ്രകാരം ഓണററി ബിരുദങ്ങൾ, ഡിസ്റ്റിംഗ്ഷനുകൾ, ബഹുമതികൾ തുടങ്ങിയവ നൽകുക;

(v) പഠിതാക്കളിൽനിന്നും വാങ്ങേണ്ട ഫീസും മറ്റ് ചാർജ്ജുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുക;

(vi) വിദ്യാർത്ഥികൾക്കായി ഹോസ്റ്റലുകളോ മറ്റ് താമസ സൗകര്യങ്ങളോ സ്ഥാപിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുകയും അവയ്ക്ക് അംഗീകാരം നൽകുകയും സർവ്വകലാശാലയ്ക്ക് മതിയായ കാരണങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അത്തരം സ്ഥാപനങ്ങൾക്കുള്ള അനുമതി പിൻവലിക്കുകയും ചെയ്യുക;

(vii) സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി പഠനത്തിനും ഗവേഷണത്തിനും പരിശീലനങ്ങൾക്കുമായി കേന്ദ്രങ്ങൾ സ്ഥാപിക്കുക;

(viii) വിദ്യാർത്ഥികളുടെ താമസ സ്ഥലങ്ങൾ, പഠന കേന്ദ്രങ്ങൾ എന്നിവയിൽ ആവശ്യമാകുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും വിദ്യാർത്ഥികൾക്കിടയിൽ അച്ചടക്കം ഉറപ്പാക്കുകയും ആവശ്യമാകുന്നപക്ഷം അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുക;

(ix) വിദ്യാർത്ഥികൾക്കായി വ്യായാമത്തിനുൾപ്പെടെ ആരോഗ്യ പരിരക്ഷയ്ക്ക് ഉതകുന്ന എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുക;

(x) വനിതകൾക്കായി പ്രത്യേക താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പഠനത്തിനും അച്ചടക്കം പാലിക്കുന്നതിലും ആരോഗ്യപരിപാലനത്തിനുമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക;

(xi) സർക്കാർ അംഗീകാരത്തിന് വിധേയമായി സർവ്വകലാശാലയിൽ ആവശ്യമായ അക്കാദമിക, സാങ്കേതിക, ഭരണപരമായ തസ്തികകൾ സൃഷ്ടിക്കുകയും അവയിലേയ്ക്ക് നിയമനം നടത്തുകയും ചെയ്യുക;

(xii) സർവ്വകലാശാല ജീവനക്കാർക്കിടയിൽ അച്ചടക്കം ഉറപ്പാക്കുകയും ആവശ്യമാകുന്നപക്ഷം അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുക;

(xiii) പഠിതാക്കൾക്ക് മെഡലുകൾ, സമ്മാനങ്ങൾ, സ്കോളർഷിപ്പുകൾ, ഫെലോഷിപ്പുകൾ തുടങ്ങിയവ ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക;

(xiv) സർവ്വകലാശാലയ്ക്ക് ആവശ്യമായ പ്രൊഫസ്സർ, അസോസ്സിയേറ്റ് പ്രൊഫസ്സർ, അസിസ്റ്റന്റ് പ്രൊഫസ്സർ എന്നിങ്ങനെ പഠന-ഗവേഷണ തസ്തികകൾ സൃഷ്ടിക്കുക;

(xv) സർവ്വകലാശാലയിലെ പ്രൊഫസ്സർ, അസോസ്സിയേറ്റ് പ്രൊഫസ്സർ, അസിസ്റ്റന്റ് പ്രൊഫസ്സർ, ഗവേഷകർ, ആവശ്യമാകുന്ന മറ്റ് അദ്ധ്യാപക തസ്തികകൾ എന്നിങ്ങനെയുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും ഉണ്ടാക്കുക;

(xvi) നിയമം, നീതിനിർവ്വഹണം, സാമൂഹ്യ വികസനം എന്നീ വിഷയങ്ങളിലോ നിയമ മേഖലയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വിഷയങ്ങളിലോ ഉള്ള ഗവേഷണം നടത്തുകയും സ്പോൺസർ ചെയ്യുകയും ഏറ്റെടുക്കുകയും ചെയ്യുക;

(xvii) ഗവേഷണ സംബന്ധമായതും മറ്റുള്ള പ്രവർത്തനങ്ങളുടെയും അച്ചടി, പകർപ്പ്, പ്രസിദ്ധീകരണം എന്നിവ നിർവ്വഹിക്കുകയും പൊതു സമൂഹത്തിന് അത് സംബന്ധിച്ച അറിവ് ലഭിക്കുന്നതിന് എക്സിബിഷനുകൾ സംഘടിപ്പിക്കുകയോ പരസ്യങ്ങൾ നൽകുകയോ ചെയ്യുക;

(xviii) സർവ്വകലാശാല കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന വ്യവസ്ഥകളും ഉപാധികളും അംഗീകരിച്ചുകൊണ്ട് നിയമം, നീതിനിർവ്വഹണം, സാമൂഹ്യ വികസനം എന്നിവയിലോ അനുബന്ധ വിഷയങ്ങളിലോ വിദേശങ്ങളിലേതുൾപ്പെടെയുള്ള ഏതൊരു പഠന ഗവേഷണ സ്ഥാപനവുമായി സഹകരിക്കുന്നതിന് നടപടി സ്വീകരിക്കുക;

(xix) സർവ്വകലാശാലയുടെ ലക്ഷ്യങ്ങളുമായി പൂർണ്ണമായോ ഭാഗീകമായോ സമാനതയുള്ള പഠന-ഗവേഷണ സ്ഥാപനങ്ങളുമായി അദ്ധ്യാപകരെയോ വിദ്യാർത്ഥികളേയോ കൈമാറുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കരാറിലേർപ്പെടുക;

(xx) സർവ്വകലാശാലയുടെ ചെലവുകൾ നിയന്ത്രിക്കുകയും കണക്കുകൾക്ക് അക്കൗണ്ടിംഗും ഓഡിറ്റും ഏർപ്പെടുത്തുകയും ചെയ്യുക;

(xxi) ജുഡീഷ്യൽ മേഖലയിലും ഭരണരംഗത്തും പ്രവർത്തിക്കുന്നവർക്കാവശ്യമായ പരിശീലനം, നിയമ മേഖലയിലെ പ്രൊഫഷണൽ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ റിഫ്രഷർ കോഴ്സുകൾ, ഓറിയന്റേഷൻ കോഴ്സുകൾ എന്നിവയും നടത്തുക;

(xxii) സംസ്ഥാനത്തെ പൗരൻമാരെ വിശേഷിച്ചും ഗ്രാമപ്രദേശങ്ങളിലുള്ളവരെ നിയമസാക്ഷരരും നിയമപരമായി അറിവ് നേടിയവരുമാക്കുന്നതിനുള്ള പഠന പരിപാടികൾ സംഘടിപ്പിക്കുക;

(xxiii) വ്യക്തികളുടെ വ്യവഹാരവുമായി ബന്ധപ്പെട്ട് അതിന് മുൻപും പിൻപും ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി പദ്ധതികൾ ആവിഷ്കരിക്കുക;

(xxiv) നിയമത്തിലും അനുബന്ധ മേഖലയിലും ഗവേഷണ പഠനങ്ങൾ, പുസ്തകങ്ങൾ, ആനുകാലികങ്ങൾ, റിപ്പോർട്ടുകൾ എന്നിങ്ങനെയുള്ള ആധികാരിക പഠന-ഗവേഷണ രേഖകൾ പ്രസിദ്ധീകരിക്കുക;

(xxv) സർവ്വകലാശാല കാമ്പസിലും സർവ്വകലാശാലയ്ക്ക് ആവശ്യമെന്ന് കരുതുന്ന അത്തരം സ്ഥലങ്ങളിലും ക്ലാസ്സ് മുറികൾ, പഠന ഹാളുകൾ, ലൈബ്രറികൾ തുടങ്ങി പഠന-ഗവേഷണ സൗകര്യങ്ങൾ ഒരുക്കുക;

(xxvi) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾക്ക് അനുസൃതമായി ഗ്രാന്റുകളും സമ്മാനങ്ങളും ദാനങ്ങളും സ്വീകരിക്കുകയും അവ ഉചിതമായി വിനിയോഗിക്കുകയും ചെയ്യുക;

(xxvii) സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിന് ഉതകുന്ന ഭൂമിയോ കെട്ടിടമോ ഏതെങ്കിലും നിർമ്മാണമോ വാങ്ങുകയോ പാട്ടവ്യവസ്ഥയിൽ ഏറ്റെടുക്കുകയോ ചെയ്യുക;

(xxviii) സർവ്വകലാശാല വാങ്ങിയ ഭൂമിയോ കെട്ടിടമോ നിർമ്മിതിയോ സർവ്വകലാശാലയ്ക്ക് ആവശ്യമെന്ന് കരുതുന്നപക്ഷം വിൽക്കുകയോ പാട്ടവ്യവസ്ഥയിൽ നൽകുകയോ ചെയ്യുന്നതിന് സാധിക്കുന്നതാണ്;

(xxix) ഗ്രാന്റുകൾ, സാമ്പത്തിക സഹായങ്ങൾ തുടങ്ങിയവ ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ സർവ്വകലാശാലയുടെ താല്പര്യങ്ങൾ ഹനിക്കാതെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ, സംഘടനകൾ, സംഘങ്ങൾ എന്നിവരുമായും കരാറിലേർപ്പെടുക;

(xxx) ബോണ്ടുകൾ, മോർട്ട്ഗേജുകൾ, പ്രോമിസറി നോട്ടുകൾ, സെക്യൂരിറ്റികൾ എന്നിവ മുഖേന സർവ്വകലാശാലയ്ക്ക് ആവശ്യമായ പണം കണ്ടെത്തുകയും അങ്ങനെയുള്ള ഇൻസ്ട്രുമെന്റുകളിലേയ്ക്ക് തുക നൽകുന്നതിനുള്ള നിബന്ധനകൾ സർവ്വകലാശാല പാലിക്കുകയും ചെയ്യുക;

(xxxi) സർവ്വകലാശാലയുടെ അധികാരം വൈസ്-ചാൻസലർക്കോ അതിന്റെ ഏതെങ്കിലും സമിതിക്കോ ഉപസമിതിക്കോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും നികായത്തിൻറെ ഒന്നോ അതിലധികമോ അംഗങ്ങൾക്കോ ഉദ്യോഗസ്ഥർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്;

(xxxii) സർവ്വകലാശാല ജീവനക്കാരുടെ നിയമനം, അർഹതപ്പെട്ട ശമ്പളം, ബത്തകൾ, പെൻഷൻ, ഇൻഷ്വറൻസ്, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന റെഗുലേഷനുകൾ ഉണ്ടാക്കുക;

7. <u>സർവ്വകലാശാലയിലേയ്ക്കുള്ള പ്രവേശനം.</u>—(1) സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സുകളിലേയ്ക്ക് ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അർഹതയുണ്ടെന്ന് സർവ്വകലാശാല അക്കാദമിക് കൗൺസിൽ കരുതുന്ന എല്ലാ അപേക്ഷകർക്കും പ്രവേശനം നൽകാവുന്നതാണ്.

(2) സംസ്ഥാനത്ത് കാലാകാലങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംവരണതത്വം പ്രകാരമുള്ള ആനുകൂല്യങ്ങൾ സംവരണ വിഭാഗങ്ങൾക്ക് സർവ്വകലാശാല ഉറപ്പാക്കേണ്ടതാണ്.

8. സർവ്വകലാശാലയുടെ ചാൻസലർ.—(1) സംസ്ഥാന ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗിക പദവിയിൽ സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലർ സർവ്വകലാശാലയുടെ തലവനും സർവ്വകലാശാലയുടെ ബിരുദ ദാന ചടങ്ങിലെ അദ്ധ്യക്ഷനും ആയിരിക്കുന്നതാണ്.

(3) ചാൻസലർ സന്നിഹിതനായിരിക്കുമ്പോൾ അദ്ദേഹം സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്നതാണ്.

(4) ചാൻസലറുടെ മുൻകൂർ അനുമതി ലഭിക്കാതെ യാതൊരു ഓണററി ബിരുദവും സർവ്വകലാശാല നൽകുവാൻ പാടുള്ളതല്ല.

(5) ചാൻസലർ, ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

9. സർവ്വകലാശാലയുടെ പ്രോ-ചാൻസലർ.—(1) സംസ്ഥാന നിയമവകുപ്പുമന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗിക പദവിയിൽ സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിൽ പ്രോ-ചാൻസലർ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) പ്രോ-ചാൻസലർക്ക് ചാൻസലർ ഏൽപ്പിച്ചുകൊടുക്കുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

10. സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ.—ഇനിപ്പറയുന്നവർ സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ ആയിരിക്കുന്നതാണ്, അതായത്:—

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്ചാൻസലർ;

(iii) രജിസ്ട്രാർ;

(iv) പരീക്ഷാ കൺട്രോളർ;

(v) ഫിനാൻസ് ഓഫീസർ;

(vi) സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളാൽ ഉദ്യോഗസ്ഥനെന്ന് പ്രഖ്യാപിക്കുന്ന ഏതൊരാളും.

11. <u>വൈസ്-ചാൻസലർ.</u>—(1) വൈസ്-ചാൻസലർ, സർവ്വകലാശാലകളുടെ മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(2) നിയമത്തിൽ ഉന്നത അക്കാദമിക നിലവാരം പുലർത്തുന്നയാളുകൾ ഉൾപ്പെട്ട, സർക്കാർ നൽകുന്ന മൂന്ന് പേർ അടങ്ങുന്ന പാനലിൽ നിന്നും തെരഞ്ഞെടുപ്പ് സമിതിയുടെ ഉപദേശത്തിന്മേൽ ചാൻസലർ, വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന തെരഞ്ഞെടുപ്പ് സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(iii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഒരു പ്രതിനിധി;

(iv) സർവ്വകലാശാല സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.

(4) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്നയാൾ തെരഞ്ഞെടുപ്പ് സമിതിയുടെ ചെയർമാനായിരിക്കുന്നതും നിയമവകുപ്പ് സെക്രട്ടറി, സമിതിയുടെ കൺവീനറായിരിക്കുന്നതുമാണ്.

(5) തെരഞ്ഞെടുപ്പ് സമിതിയിൽ സർക്കാരുമായോ സർവ്വകലാശാലയുമായോ ഏതെങ്കിലും കോളേജുമായോ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത ഏതെങ്കിലും സ്ഥാപനവുമായോ ബന്ധപ്പെട്ട കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നവരായിരിക്കുവാൻ പാടുള്ളതല്ല.

(6) വൈസ്-ചാൻസലറുടെ ഓദ്യോഗിക സ്ഥാനം അഞ്ച് വർഷത്തേയ്ക്കായിരിക്കുന്നതും പുനർ നിയമനത്തിനായി ഒരു തവണകൂടി പരിഗണിക്കപ്പെടാവുന്നതുമാണ്.

(7) (6)-ാം ഉപവകുപ്പ് പ്രകാരം വൈസ്-ചാൻസലറെ നിയമിക്കുമ്പോൾ അദ്ദേഹം അറുപത്തി അഞ്ച് വയസ്സ് പൂർത്തിയാകുന്ന അവസരത്തിൽ ഓദ്യോഗിക സ്ഥാനം ഒഴിയേണ്ടി വരുന്നതാണ്.

(8) വൈസ്-ചാൻസലറുടെ സേവന-വേതന വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(9) വൈസ്-ചാൻസലർ, ചാൻസലറെ രേഖാമൂലം അറിയിച്ചുകൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(10) വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനം താൽക്കാലികമായോ സ്ഥിരമായോ ഒഴിവാകുന്നപക്ഷം ഈ വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വൈസ്-ചാൻസലർ പദവി നികത്തുന്നതുവരെ പരമാവധി മൂന്ന് മാസക്കാലത്തേയ്ക്ക് ഇടക്കാല ക്രമീകരണം ചാൻസലർക്ക് ഏർപ്പെടുത്താവുന്നതാണ്.

12. <u>വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—സർവ്വകലാശാല വൈസ്-ചാൻസലർക്ക് ഇനിപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെ നടത്തിപ്പിനും ഭരണ നിർവ്വഹണത്തിനും വൈസ്-ചാൻസലർക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്;

(ii) സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണാധികാരിയും അക്കാദമിക ഉദ്യോഗസ്ഥനുമായിരിക്കുന്നതാണ്;

(iii) സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലിന്റെയും അക്കാദമിക് കൗൺസിലിന്റെയും എക്സ്-ഒഫീഷ്യോ ചെയർമാനായിരിക്കുന്നതാണ്;

(iv) സർവ്വകലാശാലയുടെ ബിരുദദാന ചടങ്ങുകളിൽ, ചാൻസലറുടെയും പ്രോ-ചാൻസലറുടെയും അഭാവത്തിൽ, അദ്ധ്യക്ഷനായിരിക്കുന്നതാണ്;

(v) ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ എന്നിവയുടെ യോഗങ്ങൾ വിളിച്ചുചേർക്കുക;

(vi) സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും മേൽനോട്ടവും നിയന്ത്രണവും;

(vii) സർവ്വകലാശാല വിദ്യാർത്ഥികൾക്കിടയിൽ അച്ചടക്കം ഉറപ്പാക്കുക;

(viii) സർവ്വകലാശാല വകുപ്പുകളുടെ ഏകോപനം;

(ix) ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ എന്നിവയുടെ തീരുമാനങ്ങൾ നടപ്പിലാക്കുക;

(x) സർവ്വകലാശാലയുടെ ദൈനംദിന നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ ആക്റ്റ് പ്രകാരമുള്ളതും നിർണ്ണയിക്കപ്പെടാവുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

13. <u>സർവ്വകലാശാലയുടെ പ്രോ-വൈസ്-ചാൻസലർ.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾക്കും റെഗുലേഷനും പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാല ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(3) പ്രോ-വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി നിയമന തീയതി മുതൽ അഞ്ച് വർഷമോ അൻപത്തിയാറ് വയസ്സോ ഏതാണോ ആദ്യം അതായിരിക്കുന്നതും ശമ്പളം, സേവന-വേതന വ്യവസ്ഥകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്നതുമായിരിക്കുന്നതാണ്.

(4) പ്രോ-വൈസ്-ചാൻസലർ നിർവ്വഹിക്കേണ്ട ചുമതലകൾ, വിനിയോഗിക്കേണ്ട അധികാരങ്ങൾ എന്നിവ ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി വൈസ്-ചാൻസലറും ചാൻസലറും നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

14. <u>രജിസ്ട്രാർ.</u>—(1) സർവ്വകലാശാലയുടെ രജിസ്ട്രാർ മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(2) സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി രജിസ്ട്രാറെ എക്സിക്യൂട്ടീവ് കൗൺസിൽ സർക്കാർ അനുമതിയോടെ അഞ്ച് വർഷക്കാലയളവിലേയ്ക്ക് നിയമിക്കേണ്ടതാണ്.

(3) സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ, അക്കാദമിക് കൗൺസിൽ, മറ്റ് സമിതികൾ, ഫാക്കൽറ്റി എന്നിവയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറി രജിസ്ട്രാറായിരിക്കുന്നതാണ്.

(4) സർവ്വകലാശാല എക്സിക്യൂട്ടീവ് കൗൺസിലിന്റെയും വൈസ്-ചാൻസലറുടെയും എല്ലാ നിർദ്ദേശങ്ങളും ഉത്തരവുകളും രജിസ്ട്രാർ പാലിക്കേണ്ടതാണ്.

(5) സർവ്വകലാശാലയുടെ രേഖകൾ, പൊതുമുദ്ര എന്നിവയും എക്സിക്യൂട്ടീവ് കൗൺസിൽ ഏൽപ്പിക്കുന്ന അപ്രകാരമുള്ള എല്ലാ വസ്തുവകകളുടെയും സൂക്ഷിപ്പ് ചുമതല രജിസ്ട്രാർ നിർവ്വഹിക്കേണ്ടതാണ്.

15. <u>പരീക്ഷാ കൺട്രോളർ.</u>—(1) സർവ്വകലാശാല എക്സിക്യൂട്ടീവ് കൗൺസിലിന്റെ നിർദ്ദേശ പ്രകാരം വൈസ്-ചാൻസലർ സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളറെ നിയമിക്കേണ്ടതാണ്.

(2) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(3) സർവ്വകലാശാല പരീക്ഷാ കൺട്രോളറെ അഞ്ച് വർഷക്കാലയളവിലേയ്ക്ക് നിയമിക്കേണ്ടതും അദ്ദേഹത്തിന്റെ സേവന-വേതന വ്യവസ്ഥകൾ റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതുമാണ്.

(4) സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പ്, ഫലപ്രസിദ്ധീകരണം, മാർക്ക് ഷീറ്റുകളുടെയും ബിരുദ സർട്ടിഫിക്കറ്റുകളുടെയും വിതരണം എന്നിവ കൃത്യമായും യഥാസമയത്തും നടത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും പരീക്ഷാ കൺട്രോളർ വഹിക്കേണ്ടതാണ്.

16. ഫിനാൻസ് ഓഫീസർ.—(1) സർവ്വകലാശാല എക്സിക്യൂട്ടീവ് കൗൺസിൽ രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്നയാളെ കൗൺസിൽ നിയമിക്കേണ്ടതാണ്.

(2) ഫിനാൻസ് ഓഫീസർ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായി സർവ്വകലാശാല വൈസ്-ചാൻസലറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ജോലി ചെയ്യേണ്ടതാണ്.

(3) ഫിനാൻസ് ഓഫീസറുടെ ചുമതലകൾ, അധികാരങ്ങൾ എന്നിവ ഈ ആക്റ്റിലെയും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിലെയും അങ്ങനെയുള്ള വ്യവസ്ഥകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

17. സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങൾ.—സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങൾ ഇനിപ്പറയുന്നവയാണ്, അതായത്:—

(i) ജനറൽ കൗൺസിൽ;

(ii) എക്സിക്യൂട്ടീവ് കൗൺസിൽ;

(iii) അക്കാദമിക് കൗൺസിൽ;

(iv) അധികാര സ്ഥാനങ്ങളെന്ന് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള സ്ഥാനങ്ങൾ.

18. ജനറൽ കൗൺസിൽ.—(1) സർവ്വകലാശാലയ്ക്ക് ജനറൽ കൗൺസിൽ രൂപീകരിക്കേണ്ടതും അതിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കുന്നതുമാണ്, അതായത്:—

1. ഔദ്യോഗിക അംഗങ്ങൾ:—

(i) ചാൻസലർ;

(ii) പ്രോ-ചാൻസലർ;

(iii) വൈസ്-ചാൻസലർ;

(iv) പ്രോ-വൈസ്-ചാൻസലർ;

(v) നിയമ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ;

(vi) പാർലമെന്ററികാര്യ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ;

(vii) ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ;

(viii) സംസ്ഥാന ധനകാര്യ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ.

2. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ:—

(i) സർവ്വകലാശാല ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ പാർലമെന്റ് അംഗം;

(ii) സർവ്വകലാശാല ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ നിയമസഭാംഗം;

(iii) വിദ്യാർത്ഥികളിൽനിന്നും സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ഒരാൾ വിദ്യാർത്ഥിനിയും ആയിരിക്കേണ്ടതാണ്;

(iv) സർവ്വകലാശാലയിലെ സ്ഥിര അദ്ധ്യാപകരിൽനിന്നും അവർ തെരഞ്ഞെടുക്കുന്ന രണ്ട് അദ്ധ്യാപകർ;

(v) സർവ്വകലാശാലയിലെ അനദ്ധ്യാപകർ അവർക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന രണ്ട് പേർ.

3. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ:—

(i) സർക്കാരിന്റെ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന നിയമരംഗത്തെ മൂന്ന് വിദഗ്ദ്ധർ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്;

(ii) സർക്കാരിന്റെ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന നിയമ പഠന കോളേജുകളിലെ രണ്ട് പ്രിൻസിപ്പൽമാർ;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നിയമ പഠന കോളേജുകളിലെ രണ്ട് മാനേജർമാർ, അവരിൽ ഒരാൾ അൺഎയ്ഡഡ് കോളേജിൽ നിന്നായിരിക്കേണ്ടതാണ്;

(iv) സംസ്ഥാന ബാർ കൗൺസിൽ അംഗങ്ങളിൽ നിന്നും അവർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി.

(2) സർവ്വകലാശാല ജനറൽ കൗൺസിൽ ഓരോ മൂന്ന് വർഷം കഴിയുമ്പോൾ പുനഃസംഘടിപ്പിക്കേണ്ടതാണ്.

(3) ജനറൽ കൗൺസിലിലെ ഔദ്യോഗിക അംഗങ്ങൾ ഒഴികെ എല്ലാ അംഗങ്ങളും അതിൻറെ പുനഃസംഘടന വരെ, ഈ ആക്റ്റിലെയും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

19. <u>ജനറൽ കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.</u>— ജനറൽ കൗൺസിലിന് ഇനിപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നയരൂപീകരണം നടത്തുക;

(ii) സർവ്വകലാശാലയുടെ പരമാധികാര സ്ഥാനം എന്ന നിലയിൽ നിർണ്ണയിക്കപ്പെട്ട ചുമതലകൾ നിർവ്വഹിക്കുക;

(iii) സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുക;

(iv) പഠന-ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഓണററി ബിരുദങ്ങൾ, സ്കോളർഷിപ്പുകൾ, ഫെലോഷിപ്പുകൾ എന്നിവ ഏർപ്പെടുത്തുക;

(v) സർവ്വകലാശാലയിൽ കാലാകാലങ്ങളിൽ ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അദ്ധ്യാപന-ഗവേഷണ തസ്തികകൾ രൂപീകരിക്കുക;

(vi) സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുക;

(vii) അക്കാദമിക-ഗവേഷണ താല്പര്യങ്ങൾ മുൻനിർത്തി മറ്റ് സർവ്വകലാശാലകളുമായി സഹകരിക്കുക;

(viii) മതിയായ കാരണം ഉണ്ടെന്ന് ബോദ്ധ്യമാകുന്ന സാഹചര്യത്തിൽ ഏതെങ്കിലും വ്യക്തിക്ക് നൽകിയിട്ടുള്ള ബിരുദമോ പദവിയോ ബഹുമതിയോ റദ്ദാക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്;

(ix) രേഖപ്പെടുത്തുന്ന വ്യക്തമായ കാരണങ്ങളാൽ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാര സ്ഥാനം നൽകുന്ന ഉത്തരവോ പാസ്സാക്കുന്ന റെഗുലേഷനോ റദ്ദാക്കുന്നതിനോ ഭേദഗതി വരുത്തുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്;

(x) ഈ ആക്റ്റ് പ്രകാരവും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരവും ജനറൽ കൗൺസിലിന് ഏല്പിച്ചുകൊടുത്തേയ്ക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

20. <u>ജനറൽ കൗൺസിലിന്റെ യോഗം</u>.—(1) സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ നാല് മാസത്തിൽ ഒരിക്കൽ വൈസ്-ചാൻസലർ നിശ്ചയിക്കുന്ന പ്രകാരമുള്ള തീയതിയിൽ യോഗം ചേരേണ്ടതാണ്.

(2) ബിരുദദാന ചടങ്ങുകൾ, ബഹുമതികൾ, പദവികൾ തുടങ്ങിയവ നൽകുന്നതിനൊഴികെയുള്ള യോഗങ്ങളിലെ ക്വാറം ആകെയുള്ള കൗൺസിൽ അംഗങ്ങളുടെ ഏകദേശം മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി വൈസ്-ചാൻസലർ തീരുമാനിക്കുന്ന പ്രകാരമുള്ള ഏതുസമയത്തും ജനറൽ കൗൺസിലിന്റെ യോഗം വിളിച്ച് ചേർക്കാവുന്നതാണ്.

(4) ജനറൽ കൗൺസിൽ യോഗങ്ങളിൽ ചാൻസലർ പങ്കെടുക്കുന്നപക്ഷം അദ്ദേഹം അദ്ധ്യക്ഷത വഹിക്കുന്നതും ചാൻസലറുടെ അഭാവത്തിൽ പ്രോ-ചാൻസലറും ഇരുവരുടെയും അഭാവത്തിൽ വൈസ്-ചാൻസലറും അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്.

21. <u>എക്സിക്യൂട്ടീവ് കൗൺസിൽ</u>.—(1) സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അതിന്റെ കാര്യനിർവ്വഹണ നികായം ആയിരിക്കുന്നതാണ്.

(2) എക്സിക്യൂട്ടീവ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്;

(ഡി) സെക്രട്ടറി, നിയമ വകുപ്പ്;

(ഇ) സെക്രട്ടറി, ധനകാര്യ വകുപ്പ്;

(എഫ്) കാലാകാലങ്ങളിൽ വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ മറ്റ് അധികാരസ്ഥാനത്തെ രണ്ട് പേർ.

(ii) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ:

ജനറൽ കൗൺസിൽ അതിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു അദ്ധ്യാപകൻ, ഒരു വിദ്യാർത്ഥി എന്നിവർ വീതം.

(iii) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ:

ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിലിലെ അംഗങ്ങളായ നിയമരംഗത്തെ രണ്ട് വിദഗ്ദ്ധർ.

22. എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളുടെ കാലാവധി.—സർവ്വകലാശാല എക്സിക്യൂട്ടീവ് കൗൺസിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം, ചാൻസലറോ വൈസ്-ചാൻസലറോ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ എന്നിവരുടെ ഔദ്യോഗിക സ്ഥാനം അതത് സംഗതിപോലെ അവർ തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ തീയതി മുതൽ ഒരു വർഷക്കാലത്തേയ്ക്ക് ആയിരിക്കുന്നതാണ്.

23. എക്സിക്യൂട്ടീവ് കൗൺസിൽ യോഗം.—(1) സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ വൈസ്-ചാൻസലർ നിശ്ചയിക്കുന്ന പ്രകാരം യോഗം ചേരേണ്ടതാണ്.

(2) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ ഏകദേശം മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

24. എക്സിക്യൂട്ടീവ് കൗൺസിലിന്റെ ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും.—സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലിന് ഇനിപ്പറയുന്ന ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെയും അതിന്റെ സ്ഥാപനങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും;

(ii) സർവ്വകലാശാലയുടെ ഭരണ നിർവ്വഹണം;

(iii) സർവ്വകലാശാലയുടെ അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുക;

(iv) സർവ്വകലാശാല ഓർഡിനൻസുകൾ ഉണ്ടാക്കുക, ഭേദഗതി വരുത്തുക, റദ്ദാക്കുക;

(v) സർവ്വകലാശാലയുടെ ഫണ്ടുകൾ കൈകാര്യം ചെയ്യുകയും വസ്തുവകകൾ സംരക്ഷിക്കുകയും ചെയ്യുക;

(vi) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ ഉപയോഗം, സംരക്ഷണം എന്നിവയിൽ നിർദ്ദേശം നൽകുക;

(vii) സർവ്വകലാശാലയ്ക്ക് ആവശ്യമാകുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ നിയമിക്കുക;

(viii) സർവ്വകലാശാലയ്ക്ക് ആവശ്യമാകുന്ന പഠന വകുപ്പുകൾക്കും ഗവേഷണ സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾക്കും രൂപം നൽകുക;

(ix) അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അക്കാദമിക കാര്യങ്ങളിൽ പ്രോത്സാഹനം നൽകുന്നതിനായി ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ ഗവേഷണ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക;

(x) ഓരോ സാമ്പത്തിക വർഷത്തേയ്ക്കുമുള്ള സർവ്വകലാശാലയുടെ വാർഷിക ബജറ്റ് തയ്യാറാക്കുകയും ജനറൽ കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുക;

(xi) സർവ്വകലാശാലയുടെ കണക്കുകളുടെ ഓഡിറ്റിംഗ് നടത്തുകയും ജനറൽ കൗൺസിലിന് സമർപ്പിക്കുകയും ചെയ്യുക;

(xii) സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പ്, പരീക്ഷാ ഫലം പ്രസിദ്ധപ്പെടുത്തൽ, ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലം വ്യവസ്ഥകൾ പ്രകാരം ആവശ്യമാകുന്ന പക്ഷം തടഞ്ഞുവയ്ക്കൽ എന്നീ നടപടികൾ സ്വീകരിക്കുക;

(xiii) സർവ്വകലാശാലയുടെ ജനറൽ കൗൺസിലിന്റെ അംഗീകാരത്തോടെ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുകയും സംഭാവനകൾ സ്വീകരിക്കുകയും സ്ഥാവര ജംഗമ വസ്തുക്കൾ കൈമാറ്റം ചെയ്യുകയും ചെയ്യുക;

(xiv) സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി സമിതികളെ നിയമിക്കുകയും അപ്രകാരമുള്ളവയ്ക്ക് ചുമതലപ്പെടുത്തുകയും ചെയ്യുക;

(xv) ഈ ആക്റ്റിന്റെയും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളുടെയും റെഗുലേഷനുകളുടെയും അടിസ്ഥാനത്തിലുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുക.

25. <u>അക്കാദമിക് കൗൺസിൽ.</u>—(1) സർവ്വകലാശാലയുടെ അക്കാദമിക കാര്യങ്ങളിൽ നിലവാരമുറപ്പാക്കുന്നതിനും നിയന്ത്രിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അത്തരം കാര്യങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനുമായി സർവ്വകലാശാലയുടെ ഉത്തരവാദിത്വപ്പെട്ട നികായമായി പ്രവർത്തിക്കുന്നതിന് അക്കാദമിക കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

26. <u>അക്കാദമിക് കൗൺസിൽ അംഗങ്ങൾ.</u>—(1) സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) വൈസ്-ചാൻസലർ, എക്സ്-ഒഫീഷ്യോ ചെയർപേഴ്സൺ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) രജിസ്ട്രാർ;

(iv) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ ലോ കോളേജുകളിൽ നിന്നും വൈസ്-ചാൻസലറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജനറൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന നാല് പ്രിൻസിപ്പൽമാർ, അവരിൽ രണ്ട് പേർ സർക്കാർ ലോ കോളേജുകളിൽ നിന്നുള്ളവരും രണ്ട് പേർ സ്വകാര്യ ലോ കോളേജുകളിൽ നിന്നുള്ളവരും ആയിരിക്കേണ്ടതാണ്;

(v) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ ലോ കോളേജുകളിൽ നിന്നും വൈസ്-ചാൻസലറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജനറൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന പ്രഗത്ഭരായ നാല് അദ്ധ്യാപകർ, അവരിൽ രണ്ട് പേർ സർക്കാർ ലോ കോളേജുകളിൽ നിന്നും രണ്ട് പേർ സ്വകാര്യ ലോ കോളേജുകളിൽ നിന്നുള്ളവരും ആയിരിക്കേണ്ടതാണ്;

(vi) സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന നിയമരംഗത്തെ പ്രഗത്ഭരായ രണ്ട് വ്യക്തികൾ;

(vii) അക്കാദമിക് ഡീൻ, എക്സ്-ഒഫീഷ്യോ കൺവീനർ.

(2) അക്കാദമിക് കൗൺസിലിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി തുടർച്ചയായ രണ്ട് വർഷത്തേയ്ക്കായിരിക്കുന്നതാണ്.

27. <u>അക്കാദമിക് കൗൺസിലിന്റെ യോഗങ്ങൾ.</u>—(1) അക്കാദമിക് കൗൺസിൽ യോഗങ്ങൾ വൈസ്-ചാൻസലർ തീരുമാനിക്കുന്ന പ്രകാരം യോഗം ചേരേണ്ടതും യോഗങ്ങൾ തമ്മിലുള്ള കാലയളവ് രണ്ട് മാസത്തിലധികം ആകുവാൻ പാടില്ലാത്തതുമാണ്.

(2) അക്കാദമിക് കൗൺസിൽ യോഗത്തിന്റെ ക്വാറം അതിന്റെ അംഗസംഖ്യയുടെ ഏകദേശം മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

28. അക്കാദമിക് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—അക്കാദമിക് കൗൺസിലിന് ഇനിപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) അക്കാദമിക കാര്യങ്ങളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട് റെഗുലേഷനുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(ബി) സർവ്വകലാശാലയുടെ അക്കാദമിക് കാര്യങ്ങൾ സംബന്ധിച്ച് ജനറൽ കൗൺസിലിനെയും എക്സിക്യൂട്ടീവ് കൗൺസിലിനെയും വിവരങ്ങൾ ധരിപ്പിക്കുക;

(സി) സർവ്വകലാശാല അദ്ധ്യാപകരുടെ യോഗ്യത നിർണ്ണയിക്കുക;

(ഡി) സർവ്വകലാശാല നടത്തുന്ന വിവിധ പഠന കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികളുടെ പ്രവേശന യോഗ്യത നിർണ്ണയിക്കുക;

(ഇ) സർവ്വകലാശാലയുടെ പരീക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഹാജർ സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കുക;

(എഫ്) പഠന കോഴ്സുകളുടെ സിലബസിന് അംഗീകാരം നൽകുക;

(ജി) ഈ ആക്റ്റ്, സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏൽപ്പിച്ചുകൊടുത്തിട്ടുള്ള അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുക;

29. സർവ്വകലാശാലയുടെ മറ്റ് അധികാര സ്ഥാനങ്ങൾ.—സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന പ്രകാരം ഫിനാൻസ് കമ്മിറ്റി, പഠന ബോർഡുകൾ, ഗവേഷണ കൗൺസിൽ, ഫാക്കൽറ്റി ഉപദേശക സമിതികൾ എന്നിങ്ങനെയുള്ള അധികാര സ്ഥാനങ്ങൾ രൂപീകരിക്കാവുന്നതാണ്.

30. അധികാരസ്ഥാനങ്ങളിലെ ഒഴിവുകൾ.—(1) സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങളിലെ ഏതൊരു ഒഴിവും കഴിയുന്നത്രവേഗം നികത്തേണ്ടതും അപ്രകാരമുള്ള ഒഴിവുകൾ മൂന്ന് മാസത്തിലധികമാകുവാൻ പാടില്ലാത്തതുമാണ്.

(2) അധികാരസ്ഥാനങ്ങളിലുണ്ടാകുന്ന ആകസ്മിക ഒഴിവുകൾ നികത്തപ്പെടുമ്പോൾ അങ്ങനെയുള്ള അധികാര സ്ഥാനത്തിന്റെ ശേഷിക്കുന്ന കാലയളവിലേയ്ക്ക് മാത്രം അംഗമായിരിക്കുന്നതാണ്.

(3) ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ ഒഴിവ് നിലനിൽക്കുന്ന കാരണത്താൽ അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും പ്രവൃത്തിയോ നടപടിക്രമമോ അസാധുവാകുന്നതല്ല.

(4) ഏതെങ്കിലും അധികാരസ്ഥാനത്തിലെ അംഗം അഴിമതി, അസാന്മാർഗ്ഗികത തുടങ്ങി ഏതെങ്കിലും കുറ്റം സ്ഥാപിക്കപ്പെട്ട് ക്ഷമതയുള്ള കോടതിയാൽ ശിക്ഷിക്കപ്പെടുന്നപക്ഷം അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിന്ശേഷം ജനറൽ കൗൺസിൽ തീരുമാനപ്രകാരം അങ്ങനെയുള്ളയാളെ നീക്കം ചെയ്യാവുന്നതാണ്.

31. <u>ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃർത്തികൾക്ക് സംരക്ഷണം.</u>—സർവ്വകലാശാലയോ അതിന്റെ ഏതെങ്കിലും അധികാരസ്ഥാനമോ ഈ ആക്റ്റിനോ സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ റെഗുലേഷനുകൾക്കോ അനുസൃതമായി ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിനോ ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

32. <u>സർവ്വകലാശാല അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനം.</u>—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതല്ലാത്ത തസ്തികകളിലേയ്ക്ക് സർവ്വകലാശാല ജീവനക്കാരെ നിർവ്വാഹക സമിതി അംഗീകാരത്തോടെ വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്;

(2) സർക്കാർ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് ബാധകമായ സംവരണ ചട്ടങ്ങൾ സർവ്വകലാശാല അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമന കാര്യത്തിൽ ബാധകമായിരിക്കുന്നതാണ്.

33. <u>സർവ്വകലാശാലയുടെ ഫണ്ട്.</u>—(1) സർവ്വകലാശാലയ്ക്ക് 'നിയമ സർവ്വകലാശാല നിധി' എന്ന പേരിൽ ഒരു സഞ്ചിത നിധി രൂപീകരിക്കേണ്ടതും അതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന തുക ഉൾപ്പെടെയുള്ള എല്ലാ വരവുകളും ഉൾക്കൊള്ളിക്കേണ്ടതും ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും റെഗുലേഷനുകളിലും ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യങ്ങൾക്കായും രീതിയിലും വിനിയോഗിക്കേണ്ടതുമാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാലയുടെ അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിൽ ഉണ്ടാകുന്ന എല്ലാ ചെലവുകളും 1-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള നിധിയിൽനിന്നും നിർവ്വഹിക്കേണ്ടതാണ്.

(3) 1-ാം ഉപവകുപ്പ് പ്രകാരമുള്ള എല്ലാ പണവും സർക്കാർ അംഗീകാരത്തിന് വിധേയമായി സർവ്വകലാശാല നിശ്ചയിക്കുന്ന രീതിയിൽ സൂക്ഷിക്കാവുന്നതാണ്.

34. സർവ്വകലാശാലയുടെ കണക്കുകളും ഓഡിറ്റും.—(1) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ എക്സിക്യൂട്ടീവ് കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് സർവ്വകലാശാലയുടെ ധനകാര്യ ചുമതലയുള്ളയാൾ തയ്യാറാക്കേണ്ടതും കണക്കുകൾ കൃത്യമായ ഇടവേളകളിൽ ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

(2) ഓഡിറ്റ് ചെയ്ത കണക്കുകൾ റിപ്പോർട്ട് സഹിതം ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ, ചാൻസലർ എന്നിവർക്ക് വൈസ്-ചാൻസലർ സമർപ്പിക്കേണ്ടതാണ്.

(3) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ ജനറൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചശേഷം ഓരോ വർഷവും മാർച്ച് 1-ന് മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതും അപ്രകാരമുള്ള കണക്കുകൾ ലഭിച്ചശേഷം സർക്കാർ കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലാണെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതും സഭ സമ്മേളനത്തിലല്ലാത്തപക്ഷം തൊട്ടടുത്ത സമ്മേളനത്തിൽ വയ്ക്കേണ്ടതുമാണ്.

35. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പുറമെ സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകളിൽ ഇനിപ്പറയുന്ന കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) ഈ ആക്റ്റിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സർവ്വകലാശാല അധികാരസ്ഥാനങ്ങളുടെ രൂപീകരണവും അവയുടെയും സർവ്വകലാശാല ഉദ്യോഗസ്ഥരുടെയും അധികാരവും കർത്തവ്യങ്ങളും നിർണ്ണയിക്കലും;

(ii) സർവ്വകലാശാല അധികാരസ്ഥാനങ്ങളിലെ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമം;

(iii) സർവ്വകലാശാലയുടെ കണക്കുകൾ സൂക്ഷിക്കുന്നതും ബജറ്റ് തയ്യാറാക്കുന്നതും പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ രൂപീകരണം;

(iv) സർവ്വകലാശാല ബിരുദങ്ങൾ, അക്കാദമിക ബഹുമതികൾ എന്നിവ നൽകുകയോ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ;

(v) അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനരീതി നിർണ്ണയിക്കൽ;

(vi) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ട മറ്റെല്ലാ കാര്യങ്ങൾക്കുള്ള വ്യവസ്ഥകളുടെ രൂപീകരണം;

(2) സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലിൻറെ നിർദ്ദേശപ്രകാരമുള്ള കരട് സ്റ്റാറ്റ്യൂട്ട് ജനറൽ കൗൺസിൽ പരിഗണിച്ച് പാസ്സാക്കുകയോ തള്ളിക്കളയുകയോ ഭേദഗതി നിർദ്ദേശങ്ങളോടെ മടക്കി അയയ്ക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ മടക്കി അയയ്ക്കപ്പെട്ട കരട് സ്റ്റാറ്റ്യൂട്ട്, ഭേദഗതികൾ പരിഗണിച്ച് എക്സിക്യൂട്ടീവ് കൗൺസിൽ റിപ്പോർട്ട് സഹിതം ജനറൽ കൗൺസിലിന് സമർപ്പിക്കുന്ന കരടിന്മേൽ യുക്തമെന്ന് തോന്നുന്ന തീരുമാനം അതിന് എടുക്കാവുന്നതാണ്.

(3) ജനറൽ കൗൺസിൽ പാസ്സാക്കുന്ന സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിക്കേണ്ടതും ആയതിന് അനുമതി നൽകുകയോ ജനറൽ കൗൺസിലിന് തിരികെ റഫർ ചെയ്യുകയോ അനുമതി നൽകാതിരിക്കുകയോ ചെയ്യാവുന്നതാണ്.

36. <u>സർവ്വകലാശാല ഓർഡിനൻസുകൾ.</u>—(1) സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലിന്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഓർഡിനൻസുകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഓർഡിനൻസുകളിൽ ഇനിപ്പറയുന്ന കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) സർവ്വകലാശാല ഫീസ് ഈടാക്കുന്നത് സംബന്ധമായ കാര്യങ്ങൾ;

(ii) സർവ്വകലാശാല ഉദ്യോഗസ്ഥരുടെ സേവന-വേതന വ്യവസ്ഥകൾ;

(iii) സർവ്വകലാശാല വിദ്യാർത്ഥികളുടെ പൊതുവായ അച്ചടക്കം സംബന്ധിച്ച കാര്യങ്ങൾ;

(iv) അദ്ധ്യാപകരുടെ ജോലി സംബന്ധമായ കാര്യങ്ങൾ;

(v) ഓർഡിനൻസുകളാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ട മറ്റെല്ലാ കാര്യങ്ങളും.

(3) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ചെലവുകൾ ഉൾപ്പെടുന്ന ഓർഡിനൻസുകൾ പാസ്സാക്കുവാൻ പാടുള്ളതല്ല.

(4) ഓർഡിനൻസുകൾ എക്സിക്യൂട്ടീവ് കൗൺസിൽ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തിലായിരിക്കുന്നതാണ്.

(5) റദ്ദാക്കപ്പെടുന്നതോ ഭേദഗതി ചെയ്യപ്പെടുന്നതോ പുതുതായി ഉണ്ടാക്കപ്പെടുന്നതോ ആയ ഓർഡിനൻസുകൾ ജനറൽ കൗൺസിൽ തീരുമാനത്തിന് വിധേയമായിരിക്കുന്നതാണ്. ഓർഡിനൻസുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

37. റെഗുലേഷനുകൾ.—(1) സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിന്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) റെഗുലേഷനുകളിൽ ഇനിപ്പറയുന്ന കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) സർവ്വകലാശാല നടത്തുന്ന വിവിധ പഠന കോഴ്സുകൾ;

(ii) പഠന കോഴ്സുകളിലേയ്ക്കുള്ള പരീക്ഷ നടത്തിപ്പ്;

(iii) പഠന കോഴ്സുകളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം;

(iv) പരീക്ഷയ്ക്കായി വിദ്യാർത്ഥികളുടെ യോഗ്യതകൾ നിർണ്ണയിക്കൽ;

(v) ഓരോ പഠന കോഴ്സും നടത്തുന്നതിൽ അദ്ധ്യാപകരുടെ യോഗ്യതകൾ നിർണ്ണയിക്കൽ;

(vi) ഇതര സർവ്വകലാശാലകളുടെ പഠന കോഴ്സുകൾ, പരീക്ഷകൾ, ബിരുദങ്ങൾ, ഡിപ്ലോമകൾ തുടങ്ങിയവ നിയമ സർവ്വകലാശാലയുടേതിന് തുല്യമായി അംഗീകരിക്കൽ;

(vii) സർവ്വകലാശാല നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം റെഗുലേഷനുകളാൽ നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റെല്ലാ സംഗതികളും.

(3) 1-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കുന്ന എല്ലാ റെഗുലേഷനുകൾക്കും അക്കാദമിക് കൗൺസിൽ നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഓരോ റെഗുലേഷനും തൊട്ടടുത്ത ജനറൽ കൗൺസിൽ യോഗത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

(4) 1-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കുന്ന റെഗുലേഷനുകളിൽ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

38. ഉത്തരവുകൾ.—(1) ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ഏതൊരു നികായത്തിന്റെയും പ്രവർത്തനവുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ ഒഴികെയുള്ള ഏതൊരു അധികാരസ്ഥാനത്തിന്റെയും യോഗനടപടിക്രമവും കാര്യനിർവ്വഹണവും ക്രമപ്പെടുത്തുന്നതിനോ എക്സിക്യൂട്ടീവ്

കൗൺസിലിന് നിർദ്ദേശിക്കാവുന്ന തിയതി പ്രാബല്യത്തിൽ ഈ ആക്റ്റ്, സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ എന്നിവയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

(2) 1-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു ഉത്തരവും ജനറൽ കൗൺസിലിന്റെ തൊട്ടടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള ഏതൊരു ഉത്തരവും ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ജനറൽ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

39. സ്റ്റാറ്റ്യൂട്ടുകൾ പ്രസിദ്ധപ്പെടുത്തണമെന്ന്.—ഈ ആക്റ്റ് പ്രകാരമുള്ള സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവ യഥാസമയം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

40. സർവ്വകലാശാലയ്ക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ.—നിയമ സർവ്വകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും മറ്റ് പ്രാരംഭ പ്രവർത്തന ചെലവിനുമായി മതിയായ തുക ബജറ്റിലൂടെ സർക്കാർ അനുവദിച്ച് നൽകേണ്ടതാണ്.

41 സർവ്വകലാശാലയുടെ ബഡ്ജറ്റ്.—ഓരോ സാമ്പത്തിക വർഷത്തേയ്ക്കുമുള്ള വാർഷിക ബഡ്ജറ്റ് സർവ്വകലാശാലയ്ക്കായി ഫിനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതും ബഡ്ജറ്റിനോടൊപ്പം ധനവിവര പത്രികയും എക്സിക്യൂട്ടീവ് കൗൺസിൽ, ജനറൽ കൗൺസിൽ എന്നിവയുടെ അംഗീകാരം നേടിയശേഷം സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

42. സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട്.—(1) സർവ്വകലാശാല വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും എക്സിക്യൂട്ടീവ് കൗൺസിലിന്റെ പരിഗണനയ്ക്ക് ശേഷം ജനറൽ കൗൺസിലിന് അതിന്റെ അടുത്ത യോഗത്തിന് മുപ്പത് ദിവസത്തിന് മുമ്പായി അയച്ചുകൊടുക്കേണ്ടതുമാണ്.

(2) ജനറൽ കൗൺസിൽ അതിന്റെ യോഗം വാർഷിക റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമെന്ന് കരുതുന്നപക്ഷം അങ്ങനെയുള്ള റിപ്പോർട്ട് സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ, വാർഷിക റിപ്പോർട്ടും ആവശ്യമാകുന്നപക്ഷം അതിന്മേലുള്ള അഭിപ്രായവും നിയമസഭയുടെ തൊട്ടടുത്ത സമ്മേളനത്തിൽ സമർപ്പിക്കേണ്ടതുമാണ്.

43. വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യം.—സർവ്വകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതോ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ളതോ ആയ താമസസ്ഥലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാർത്ഥികൾ താമസിക്കേണ്ടതാണ്.

44. സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ടുകൾ.—നിയമ സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ടുകൾ സർക്കാർ ഉണ്ടാക്കേണ്ടതാണ്.

45. സർവ്വകലാശാലയുടെ ആദ്യ അധികാര സ്ഥാനങ്ങൾ.—ചാൻസലർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നശേഷം കഴിയുന്നത്രവേഗം, സർവ്വകലാശാലയുടെ ആദ്യത്തെ അധികാര സ്ഥാനങ്ങൾ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. അപ്രകാരമുള്ള അധികാര സ്ഥാനങ്ങൾ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി രൂപീകരിക്കുന്നതുവരെയോ രണ്ട് വർഷക്കാലത്തേയ്ക്കോ ഏതാണോ ആദ്യം അതുവരെ തുടരാവുന്നതാണ്.

46. സർക്കാരിന് വിവരങ്ങൾ നൽകണമെന്ന്.—സർവ്വകലാശാലയുടെ ഭരണം സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന ഏതൊരു വിവരവും ആവശ്യപ്പെട്ട പ്രകാരമുള്ള രീതിയിലും സമയത്തിനുള്ളിലും നൽകുന്നതിന് സർവ്വകലാശാല ബാദ്ധ്യസ്ഥമായി രിക്കുന്നതാണ്.

47. ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ അധികാരം ഏൽപ്പിച്ചു കൊടുക്കാമെന്ന്.—സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ തീരുമാനിക്കുന്നപക്ഷം ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ അതിന് നൽകിയിട്ടുള്ള ഏതൊരു അധികാരവും ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

48. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അല്ലെങ്കിൽ റെഗുലേഷനും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിൻറെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം അല്ലെങ്കിൽ റെഗുലേഷൻ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

49. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, സന്ദർഭം ആവശ്യപ്പെടുന്നവിധം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്നതുമായ ഏത് കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) 1-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ച ഓരോ ഉത്തരവും അത് പ്രസിദ്ധീകരിച്ചതിന് ശേഷം തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1875-ൽ സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് സ്ഥാപിതമായ നിയമ പഠനത്തിനായുള്ള കോളേജുൾപ്പെടെ സർക്കാർ/സ്വകാര്യ മേഖലയിലായി കേരളത്തിൽ നിലവിൽ 46 കോളേജുകളിലായി നിയമ പഠനം നടന്നുവരുന്നുണ്ട്. പ്രസ്തുത കോളേജുകൾ കേരള, മഹാത്മാഗാന്ധി, കോഴിക്കോട് എന്നീ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തവയാണ്. ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി. ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പുറമെ ഗവേഷണം, മനുഷ്യാവകാശം, ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ്, സൈബർ പഠനങ്ങൾ തുടങ്ങി നിയമ മേഖലയിൽ ഒട്ടേറെ നൂതന പഠന-ഗവേഷണങ്ങൾ നടന്നുവരുന്നു.

നിയമരംഗത്തെ പരിജ്ഞാനം സാങ്കേതികവിദ്യയുടെ മുന്നേറ്റത്തിൽ നവീന മേഖലകളിലും അനിവാര്യമായി മാറിയിരിക്കുകയാണ്. നിയമ മേഖലയിൽ കേവല അറിവ് നേടുന്ന സാഹചര്യങ്ങളിൽ നിന്നും പ്രായോഗിക ജ്ഞാനം നേടുന്നതിന് ഉതകുന്ന പഠന സമ്പ്രദായത്തിലേയ്ക്ക് മാറ്റപ്പെടേണ്ടതുണ്ട്. കൂടാതെ, പൊതുസമൂഹത്തിൽ നിയമ പഠനത്തിനും അറിവിനും പ്രാധാന്യവും ഗൗരവമുള്ളതുമാക്കുന്നതിന് ശ്രദ്ധ നൽകേണ്ടതുണ്ട്. ഇവയെല്ലാം സാദ്ധ്യമാകുന്നതിന് ഏകീകൃത പഠന രീതിയും അനുബന്ധ പ്രവർത്തനവും ആവശ്യമാണ്. നിയമ പഠനത്തിന് മാത്രമായി ഒരു സർവ്വകലാശാല സ്ഥാപിക്കുക വഴി ഇവയ്ക്കെല്ലാം പരിഹാരമാകുന്നതാണ്. അപ്രകാരം സംസ്ഥാനത്ത് നിയമ മേഖലയിൽ സർവ്വകലാശാല സ്ഥാപിക്കുന്നതുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 33-ാം ഖണ്ഡം നിയമ സർവ്വകലാശാലാ നിധി എന്ന പേരിൽ ഒരു സഞ്ചിതനിധിയുടെ രൂപീകരണത്തിന് വ്യവസ്ഥ ചെയ്യുന്നു. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽനിന്നും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽനിന്നും ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും വായ്പകളും മറ്റേതെങ്കിലും ഇനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന എല്ലാ വരുമാനങ്ങളും ചേർന്ന് രൂപം കൊള്ളുന്നതാണ് സർവ്വകലാശാലാ ഫണ്ട്. സ്റ്റാറ്റ്യൂട്ടുകളാലും ഓർഡിനൻസുകളാലും റെഗുലേഷനുകളാലും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും സർവ്വകലാശാലയുടെ ആവശ്യത്തിനായും സർവ്വകലാശാല ഫണ്ട് വിനിയോഗിക്കേണ്ട താണെന്നും ബില്ലിലെ 33-ാം ഖണ്ഡത്തിന്റെ 2-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

(2) സർവ്വകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ബജറ്റിൽ തുക അനുവദിക്കുന്നതിന് ബില്ലിലെ 41-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

(3) തുടക്കത്തിൽ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനവുമായി ബന്ധപ്പെട്ട് ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ വരുന്നതാണ്. ചെലവുകളുടെ കൃത്യത സർവ്വകലാശാല രൂപീകരിച്ചതിന് ശേഷം നിർണ്ണയിക്കുന്നതിലാശ്രയിച്ചിരിക്കുന്നു. എങ്കിലും പ്രാരംഭ ഘട്ടത്തിൽ 100 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 6-ാം ഖണ്ഡം (iv)-ാം ഇനം, സർവ്വകലാശാല നൽകുന്ന ഓണററി ബിരുദങ്ങൾ, ഡിസ്റ്റിംഗ്ഷനുകൾ, ബഹുമതികൾ എന്നിവയുടെ നടപടിക്രമം റെഗുലേഷനുകളാൽ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 6-ാം ഖണ്ഡം (xv)-ാം ഇനം സർവ്വകലാശാല പ്രൊഫസ്സർ, അസോസ്സിയേറ്റ് പ്രൊഫസ്സർ, അസിസ്റ്റന്റ് പ്രൊഫസ്സർ, ഗവേഷകർ മറ്റ് അദ്ധ്യാപകർ എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും ഉണ്ടാക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 6-ാം ഖണ്ഡം (xxxii)-ാം ഇനം സർവ്വകലാശാല ജീവനക്കാരുടെ നിയമനം, അർഹതപ്പെട്ട ശമ്പളം, ബത്തകൾ, പെൻഷൻ, ഇൻഷ്വറൻസ്, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള വ്യവസ്ഥകൾ റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 7-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും മുഖേന നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 10-ാം ഖണ്ഡം (vi)-ാം ഇനം സർവ്വകലാശാല ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ വ്യവസ്ഥ ചെയ്യുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 11-ാം ഖണ്ഡം (8)-ാം ഉപഖണ്ഡം വൈസ്-ചാൻസലറുടെ സേവന-വേതന വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 12-ാം ഖണ്ഡം (x)-ാം ഇനം സർവ്വകലാശാലയുടെ ദൈനംദിന നടത്തിപ്പുമായി ബന്ധപ്പെട്ട് ആക്റ്റിൽ വ്യവസ്ഥ ചെയ്തതിന് പുറമെയുള്ള അധികാരങ്ങൾ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 13-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം പ്രോ-വൈസ്-ചാൻസലറുടെ ശമ്പളം, സേവന-വേതന വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 13-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം പ്രോ-വൈസ്-ചാൻസലറുടെ ചുമതലകൾ, അധികാരങ്ങൾ എന്നിവ ആക്റ്റിലെ വ്യവസ്ഥകൾ കൂടാതെയുള്ളവ സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകളാൽ നിർണ്ണയിക്കപ്പെടുന്നതിന് സർവ്വകലാശാലയ്ക്ക് അധികാരം നൽകുന്നു.

(10) ബില്ലിലെ 15-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം പരീക്ഷാ കൺട്രോളറുടെ ശമ്പളം, സേവന-വേതന വ്യവസ്ഥകൾ റെഗുലേഷനുകളിലൂടെ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 16-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം ഫിനാൻസ് ഓഫീസറുടെ ചുമതലകൾ, അധികാരങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ആക്റ്റിലെ പുറമെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ 17-ാം ഖണ്ഡം (iv)-ാം ഇനം സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ വിനിർദ്ദേശിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ 18-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം 2(iii)-ാം ഇനം ജനറൽ കൗൺസിലിലേയ്ക്കുള്ള വിദ്യാർത്ഥി പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(14) ബില്ലിലെ 18-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം ജനറൽ കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾ വഹിക്കുന്ന സ്ഥാനങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ആക്റ്റിനുപുറമെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(15) ബില്ലിലെ 19-ാം ഖണ്ഡം (x)-ാം ഇനം ജനറൽ കൗൺസിലിന് ആക്റ്റിനുപുറമെ ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ, കർത്തവ്യങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ വ്യവസ്ഥ ചെയ്യുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(16) ബില്ലിലെ 24-ാം ഖണ്ഡം (xv)-ാം ഇനം എക്സിക്യൂട്ടീവ് കൗൺസിലിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും സംബന്ധിച്ച ആക്റ്റിലെ വ്യവസ്ഥകൾ കൂടാതെ സ്റ്റാറ്റ്യൂട്ടുകളുടെയും റെഗുലേഷനുകളുടെയും അടിസ്ഥാനത്തിൽ വ്യവസ്ഥ ചെയ്യുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(17) ബില്ലിലെ 28-ാം ഖണ്ഡം (ജി) ഇനം അക്കാദമിക് കൗൺസിലിന്റെ ചുമതലകൾ, അധികാരങ്ങൾ സംബന്ധിച്ച ആക്റ്റിനുപുറമെയുള്ള വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളാലും റെഗുലേഷനുകളാലും നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(18) ബില്ലിലെ 32-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർവ്വകലാശാലയിലെ പി.എസ്.സി. മുഖേനയല്ലാതെ നടത്തേണ്ട നിയമനങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ആക്റ്റിനുപുറമെ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(19) ബില്ലിലെ 33-ാം ഖണ്ഡം നിയമ സർവ്വകലാശാല നിധി വിനിയോഗിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ആക്റ്റിനുപുറമെ സ്റ്റാറ്റ്യൂട്ടുകളിലും റെഗുലേഷനുകളിലും ഉൾക്കൊള്ളിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(20) ബില്ലിലെ 35-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിന്റെ (i)-ാം ഇനം ആക്റ്റിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത അധികാരസ്ഥാനങ്ങളുടെ രൂപീകരണവും സർവ്വകലാശാല ഉദ്യോഗസ്ഥരുടെ അധികാരവും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(21) ബില്ലിലെ 35-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനം സർവ്വകലാശാല അധികാരസ്ഥാനങ്ങളിലെ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(22) ബില്ലിലെ 35-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിന്റെ (iii)-ാം ഇനം സർവ്വകലാശാലയുടെ കണക്കുകൾ സൂക്ഷിക്കുന്നതും ബജറ്റ് തയ്യാറാക്കുന്നതും പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(23) ബില്ലിലെ 35-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (iv)-ാം ഇനം സർവ്വകലാശാല ബിരുദങ്ങൾ, അക്കാദമിക ബഹുമതികൾ നൽകുകയോ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളിൽ ഉൾപ്പെടുത്തുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(24) ബില്ലിലെ 35-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (v)-ാം ഇനം അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിന്റെ രീതി നിർണ്ണയിക്കുന്നതിനുള്ള വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളിൽ ഉൾക്കൊള്ളിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(25) ബില്ലിലെ 36-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ (i)-ാം ഇനം സർവ്വകലാശാല ഫീസ് ഈടാക്കുന്നത് സംബന്ധമായ കാര്യങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(26) ബില്ലിലെ 36-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനം സർവ്വകലാശാല ഉദ്യോഗസ്ഥരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(27) ബില്ലിലെ 36-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ (iii)-ാം ഇനം സർവ്വകലാശാല വിദ്യാർത്ഥികളുടെ പൊതുവായ അച്ചടക്കം സംബന്ധിച്ച കാര്യങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(28) ബില്ലിലെ 36-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (iv)-ാം ഇനം അദ്ധ്യാപകരുടെ ജോലി സംബന്ധമായ കാര്യങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(29) ബില്ലിലെ 36-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം സർവ്വകലാശാല ഓർഡിനൻസുകൾ ഉണ്ടാക്കുന്നത്, ഭേദഗതി ചെയ്യുന്നത്, റദ്ദാക്കപ്പെടുന്നത് സംബന്ധിച്ച നടപടിക്രമത്തിന് സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥകൾ നിർമ്മിക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(30) ബില്ലിലെ 37-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ (i)-ാം ഇനം സർവ്വകലാശാല നടത്തുന്ന വിവിധ പഠന കോഴ്സുകൾ സംബന്ധിച്ച് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(31) ബില്ലിലെ 37-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനം സർവ്വകലാശാല നടത്തുന്ന പഠന കോഴ്സകളിലേയ്ക്കുള്ള പരീക്ഷ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളിൽ റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(32) ബില്ലിലെ 37-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ (iii)-ാം ഇനം സർവ്വകലാശാലയുടെ വിവിധ പഠന കോഴ്സുകളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച കാര്യങ്ങളിൽ റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(33) ബില്ലിലെ 37-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (iv)-ാം ഇനം സർവ്വകലാശാല നടത്തുന്ന പരീക്ഷകൾക്ക് വിദ്യാർത്ഥികളുടെ യോഗ്യത നിർണ്ണയിക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(34) ബില്ലിലെ 37-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (v)-ാം ഇനം സർവ്വകലാശാലയിലെ ഓരോ പഠന കോഴ്സം നടത്തുന്നതിൽ അദ്ധ്യാപകരുടെ യോഗ്യതകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(35) ബില്ലിലെ 37-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (vi)-ാം ഇനം ഇതര സർവ്വകലാശാലകളുടെ പഠന കോഴ്സകൾ, പരീക്ഷകൾ, ബിരുദങ്ങൾ, ഡിപ്ലോമകൾ തുടങ്ങിയവ നിയമ സർവ്വകലാശാലയുടേതിന് തത്തുല്യമായി അംഗീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(36) ബില്ലിലെ 37-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം റെഗുലേഷനുകളിൽ ഭേദഗതി വരുത്തുന്നതോ റദ്ദാക്കുന്നതോ ആയ നടപടിക്രമത്തിനുള്ള വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളിൽ ഉൾക്കൊള്ളിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(37) ബില്ലിലെ 38-ാം ഖണ്ഡം സർവ്വകലാശാല രൂപീകരിച്ചിട്ടുള്ള ഒരു നികായത്തിന്റെ പ്രവർത്തനം, ജനറൽ കൗൺസിൽ ഒഴികെയുള്ള ഒരു അധികാരസ്ഥാനത്തിന്റെ യോഗനടപടിക്രമം കാര്യനിർവ്വഹണം ക്രമപ്പെടുത്തൽ എന്നിവ സംബന്ധിച്ച് വ്യവസ്ഥകൾ പാലിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(38) ബില്ലിലെ 38-ാം ഖണ്ഡം ഈ ആക്റ്റ് പ്രകാരം സർവ്വകലാശാല പുറപ്പെടുവിക്കുന്ന സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവ യഥാസമയം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

(39) ബില്ലിലെ 44-ാം ഖണ്ഡം സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(40) ബില്ലിലെ 48-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം മുഖേന മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(41) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയവയാകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്.

.